# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 7975
# 16.07.2014-ലെ മറുപടിക്ക്

## ശമ്പളം ട്രഷറിയിൽ നിന്നും ബാങ്കിലേയ്ക്ക് മാറ്റുന്ന നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എസ്. ശർമ്മ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറി വഴി നൽകിയിരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളം ബാങ്കുകളിലേയ്ക്ക് മാറ്റിയത് മൂലം സംസ്ഥാന സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായി ബാങ്കുകളിലേയ്ക്ക് മാറ്റാനുള്ള നീക്കങ്ങളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ ശമ്പളം അവർ അപ്രകാരം നിർദ്ദേശിക്കുന്നുവെങ്കിൽ പൊതു മേഖലാ ബാങ്ക് അക്കൗണ്ട് വഴിയും സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂരിഭാഗം സർക്കാർ ജീവനക്കാരുടേയും ശമ്പളം ട്രഷറി വഴി തന്നെയാണ് നൽകിവരുന്നത്. ബാങ്കുകൾ വഴിയുള്ള ശമ്പളവിതരണം മൂലം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ വ്യത്യാസമൊന്നും സംഭവിച്ചിട്ടില്ല. |
| (ബി) | ധനവിനിയോഗവും പദ്ധതി വിഹിതവും പോലുള്ളവയും ട്രഷറിയിൽ നിന്നും മാറ്റി ബാങ്കുകളെ ഏൽപ്പിക്കുന്ന നടപടി ട്രഷറി വകുപ്പിനെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) സർക്കാർ ഫണ്ടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടുകളും ട്രഷറിയിൽ തന്നെ നിലനിർത്തണമെന്നാണ് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. പൊതു മേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂയെന്നും നിർ ദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശ ങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധന (പരിശോധനാ) വിഭാഗത്തിനും |

| | | |
|---|---|---|
| | | നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല 27.3.14 -ലെ 31/2014/Fin സർക്കുലറിന്റെ ഖണ്ഡിക (ii) പ്രകാരം വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ഫണ്ട് തിരികെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ.